## കുടുംബശ്രീ ജില്ലാമിഷൻ  വയനാട്

**വൾണറബിലിറ്റി മാപ്പിംഗ് – ഒന്നാം ഘട്ടം**

**റിപ്പോർട്ട്**

**മൂപ്പൈനാട്– തിരുനെല്ലി ഗ്രാമപഞ്ചായത്ത്**

വയനാട് ജില്ലയിൽവൾണറബിലിറ്റിമാപ്പിംഗ് ഒന്നാം ഘട്ട പഠനം നടന്നത് മൂപ്പൈനാട്, തിരുനെല്ലി പഞ്ചായത്തുകളിലാണ്. ഇരു പ്രദേശവും മറ്റു സംസ്ഥാനങ്ങളോട് അതിർത്തി പങ്കിടുന്നതും ഫോറസ്റ്റ് ഏരിയയുമാണ്. മൂപ്പൈനാട് പഞ്ചായത്ത് തോട്ടംമേഖല കൂടിയാണ്. അസംഘടിതതോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുംം താഴിലുറപ്പു തുടങ്ങിയമേഖലയിൽ പണിയെടുക്കുന്നവരും ഈ പ്രദേശത്ത് നിരവധിയാണ്.

അസംഘടിതമേഖല നേരിടുന്ന പ്രധാന പ്രശ്നം സാമൂഹ്യ–പരമായുംആരോഗ്യ പരമായും രണ്ടായിതിരിക്കാവുന്നതാണ്. സാമ്പത്തികസ്ഥിതിയാണ് സാമൂഹ്യപരമായി പിന്നോട്ടടിപ്പിക്കുന്ന പ്രധാന ഘടകം. സാമ്പത്തിക–സാമൂഹ്യ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണമായിരുന്നത് താഴെചേർക്കുന്നു.

- തൊഴിലില്ലായ്മ
- തുച്ഛമായകൂലി
- ലൈംഗികചൂഷണം
- വിവേചനം

ആരോഗ്യരംഗത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

- സുരക്ഷിതമല്ലാത്ത കീടനാശിനികളുടെ ഉപയോഗം
- കൃത്യമായചികിൽത്സലഭ്യമല്ലാത്ത അവസ്ഥ
- കാലാവസ്ഥഭേദമില്ലാതെകൂടുതൽസമയം പണിയെടുപ്പിക്കുന്ന അവസ്ഥ

പഠന വിധേയമാക്കുമ്പോൾ വിവിധ വിഷയങ്ങൾ ഇത്തരത്തിൽ ശ്രദ്ധയിൽ വരികയും ആഴത്തിൽ പഠിക്കേണ്ട മേഖലകൾഉണ്ടെന്ന് ബോധ്യപ്പെടുകയുംചെയ്തു.
ഇതിന്റെ അടിസ്ഥാനത്തിൽ മൂപ്പൈനാട് പഞ്ചായത്തിൽവലിയമാറ്റത്തിന് കാരമണമാവുകയും ചെയ്തു.തൊഴിൽമേഖലയിൽ പരിഹാരം കണ്ടെത്തുന്നതിനായി ചില സംരഭങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

| കമ നമ്പർ | ഇനം |
|---|---|
| 1 | മുട്ടക്കോഴി ഫാമുകൾ |
| 2 | കുടുംബശ്രീ ഉൽപന്ന വിപണന കേന്ദ്രം |

| | |
|---|---|
| 3 | ചക്ക, കപ്പ, വാഴ–ചിപ്സ്മേക്കിംഗ്യൂണിറ്റ് |
| 4 | കാന്റീൻ കാറ്ററിംഗ്യൂണിറ്റ് |

തൊഴിൽ മേഖലയിലേക്ക് താൽക്കാലികമായി കടന്നുവന്നു എങ്കിലും നിലവിൽ സ്ത്രീ എന്ന രീതിയിൽ അവകാശസംരക്ഷണത്തിലേക്ക് ഇവരെ എത്തിക്കുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയായി നിലനിൽക്കുന്നത്. **ജാഗ്രതാസമിതി**യെ ശക്തിപ്പെ ടുത്താൻ തുകവകയിരുത്തിക്കൊണ്ട് അവകാശസംരക്ഷണത്തിനായി പഞ്ചായത്തിൽ പ്രവർത്തനം നടക്കുന്നു.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയും വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിന് വേണ്ടിയും **ബാലസഭക്കും ബാല കലോത്സവ ത്തി**നുമായി വലിയതുക അനുവദിച്ച് പ്രവർത്തനം നടത്തിവരുന്നു.

തോട്ടം മേഖലയിലേയും മറ്റുമേഖലകളിലേയും സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച്സമഗ്ര മായ മാറ്റം വരുത്തി **5000000** രൂപയുടെ പ്രവർത്തനം സ്ത്രീകളിൽഎത്തിക്കുന്നതിനായി പഠന പ്രക്രിയഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. **സ്തീ പക്ഷ വികസനം** നയമാക്കി യാണ്ഇവിടെ ഈ പഠന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നത്.തോട്ടംമേഖല യിലുംമറ്റുതൊഴിൽമേഖലയിലും ഈ പ്രദേശത്ത് നിലനിൽക്കുന്ന ചൂഷണങ്ങളെ പഠിച്ച് തൊഴിൽ പരമായും വിദ്യാഭ്യാസ പരമായും ആരോഗ്യപരമായും നില നിൽക്കുന്ന അനീ തികൾ മനസ്സിലാക്കി അവ ഇല്ലാതാക്കി സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. സ്ത്രീ ശാക്തീകരണം മുൻ നിർത്തി സമഗ്രമായ മാറ്റമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യ്യ വെയ്ക്കുന്നത്.

തിരുനെല്ലി പഞ്ചായത്ത് കർണാടകയുമായിഅതിർത്തി പങ്കിടുന്ന പ്രദേശമാണ്.മൈസൂർ കല്യാണവും അവിവാഹിതരായ അമ്മമാരും ഈ പ്രദേശത്തെ ഏറ്റവും അരക്ഷിതമാക്കു ന്നു. മറ്റുതുക വൾണറബിലിറ്റിമാപ്പിംഗിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷംഇവിടെവകയിരുത്തിയിട്ടില്ല.

അവിവാഹിതരായഅമ്മമാരുടെ സംഗമംവിളിച്ചുചേർത്ത് അവർക്കു വേണ്ടിതൊഴിൽ സംരഭം തുടങ്ങാൻ കുടുംബശ്രീജില്ലാ മിഷൻ ശ്രമം നടത്തിവരുന്നു എന്നത് ഈ പഠന ത്തിന്റെ ഭാഗമായാണ്.